കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചെറുകാവ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: 6/2312/24 കെ.എസ്.എ.എം.പി.എം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 19/11/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുകാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുകാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: 6/2312/24 കെ.എസ്.എ.എം.പി.എം തീയ്യതി: 19/11/2024

മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-09-2023 മുതൽ 22-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	23-10-2024	30-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-10-2024	30-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പി.കെ. അബ്ദുള്ളകോയ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. രാജേഷ് എ.കെ.	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രാജേഷ് എ.കെ.	സെക്രട്ടറി	01-04-2023	31-03-2024
ശ്രീ. രാജേഷ് എ.കെ.	അസിസ്റ്റന്റ് സെക്രട്ടറി (അഡീഷണൽ ചാർജ്ജ്)	01-04-2023	14-07-2023
ശ്രീമതി ബിന്ദു മണ്ണിങ്ങാപ്പള്ളിയാളി	അസിസ്റ്റന്റ് സെക്രട്ടറി	15-07-2023	31-03-2024
ഡോ. അനിതാമ്മാ ചെറിയാൻ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.)	01-04-2023	06-07-2023
ഡോ. കെ. സുന്ദര	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.)	07-07-2023	31-03-2024
ഡോ. കെ.എസ്. സ്മിത	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	07-07-2023
ഡോ. ലവീന ടി.ടി.	മെഡിക്കൽ ഓഫീസർ	08-07-2023	31-03-2024

	(ഹോമിയോ)		
ഡോ. ഗോപകുമാർ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2023	31-03-2024
ശ്രീമതി രഞ്ജുഷ കെ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി ആബിദ പി.വി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	10-07-2023
ശ്രീമതി ബിന്ദു പി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	11-07-2023	31-03-2024
ശ്രീമതി ശരത്മ പി. സുകുമാരൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ. ചന്ദ്രദാസൻ	ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
ശ്രീ. സുബീഷ് സി.എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	26-07-2023
ശ്രീ. ബിബിൻ ഒ.	അസിസ്റ്റന്റ് എഞ്ചിനീയർ	27-07-2023	31-03-2024
ഡോ. എം.കെ. അൻവർ സാദത്ത്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി നീനു രവീന്ദ്രനാഥ്	കൃഷി ഓഫീസർ	01-04-2023	17-05-2023
ശ്രീമതി ശ്രുതി പ്രകാശ്	കൃഷി ഓഫീസർ	18-05-2023	31-03-2024
ശ്രീ. നസീം അബ്ദുറഹ്മാൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	23-07-2023
ശ്രീമതി അനില	ഡയറി ഫാം ഇൻസ്ട്രക്ടർ	24-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാനാകുന്നില്ല	1-1-2
4	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-3
5	Prior Period ഹെഡുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ	1-1-4
6	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്/കളക്ഷൻ തുക ബന്ധപ്പെട്ട രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	രജിസ്റ്ററുകൾ പൂർണ്ണമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനായില്ല	1-1-6
8	തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്ക് പ്രകാരമുള്ള ചെലവുകളിൽ പൊരുത്തക്കേട്	1-1-7
9	50 വയസ്സിന് മുകളിലുള്ള വിധവകൾക്കുള്ള പെൻഷൻ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പ് പദ്ധതി -അവലോകനം	1-6-1
15	തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമ പദ്ധതികൾ	1-7
17	ക്യാഷ് വെരിഫിക്കേഷൻ.	1-8
18	ആഭ്യന്തര നിയന്ത്രണം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.	1-10
20	"ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം	1-11
21	തൊഴിൽ നികുതി - അപാകങ്ങൾ	1-12
22	പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു	1-13
23	ടെലികോം ടവറുകളുടെ നമ്പറിംഗ്, നികുതി നിർണ്ണയം - പഞ്ചായത്തിന് വരുമാന നഷ്ടം	1-14
24	വേക്കൻസി റെമിഷൻ നിലനിൽക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചു	1-15
25	വസ്തു നികുതി - അപാകങ്ങൾ	1-16
26	പാലിന് സബ്സിഡി - വകയിരുത്തിയ തുക അപര്യാപ്തം	1-17
27	പത്രപരസ്യം -15% കുറവ് ചെയ്യാതിരുന്നതിന് കാരണം അറിയിക്കേണ്ടതാണ്.	1-18
28	ഗ്രാമപഞ്ചായത്തിന്റെ പഴയ ഔദ്യോഗിക വാഹനം - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.	1-19
29	അസി.എൻജിനിയർ ക്യാഷ് ബുക്ക് -അപാകതകൾ	1-20
30	ടെൻണ്ടർ ഫീ തുക ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച്	1-21
31	പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം	1-22
32	റോഡ് കോൺക്രീറ്റ്- അധിക നിരക്ക് അനുവദിച്ചു	1-23
33	MCF കെട്ടിട നിർമ്മാണം -സർക്കാർ നിർദ്ധേശം പാലിച്ചില്ല	1-24
34	റോഡ് പ്രവർത്തി-മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി -	1-25
35	മരാമത്ത് പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല	1-26
36	ഹരിത കർമ്മ സേന: അപാകതകൾ	1-27
37	മുറ്റത്തൊരു പച്ചക്കറിത്തോട്ടം പദ്ധതി :അപാകതകൾ	1-28
38	എസ്.എസ്.കെ വിഹിതം അടവാക്കൽ:-അപാകതകൾക്ക് മറുപടി നല്കേണ്ടതാണ്	1-29
39	തുടർ സാക്ഷരതാ പദ്ധതി:അപാകതകൾ	1-30
40	സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ പ്രവൃത്തി-അപാകതകൾ പരിഹരിക്കേണ്ടതാണ്	1-31
41	വാഹന വാടകയിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല	1-32
	ഭാഗം 2	

--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.	4-4
5	വായ്പ /വായ്പ തിരിച്ചടവ്.	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി.	4-6
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് സർചാർജ് നടപടികളുടെ വിവരം.	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക് സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1-1 ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(2)(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62(2)(എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.06.2024 ലെ നം. 30 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെറുകാവ് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം,

തീയതി: 19-11-2024

1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാനാകുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ആസ്തി തുകകൾ (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ 'Net Increase In Cash And Cash Equivalance' ആയി രേഖപ്പെടുത്തിയ തുകയും (7070776/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' ആയി രേഖപ്പെടുത്തിയ തുകയും (159723070/-) തുല്യമല്ല.

1-1-4 Prior Period ഹെഡുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

(A) 'Prior Period Income' എന്ന ഹെഡ് (ഹെഡ് കോഡ്: 190000000) ഇൻകം ആൻഡ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിന്റെ എക്സ്പെന്റിച്ചർ ഭാഗത്താണ് ചേർത്തിട്ടുള്ളത്.

1-1-5 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്/കളക്ഷൻ തുക ബന്ധപ്പെട്ട രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

(A) താഴെ പറയുന്ന ഹെഡുകളിൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റിന് തുല്യമല്ല.

ക്രമ നം.	വരവ് ഹെഡ്, (ഹെഡ് കോഡ്)	വാർഷിക ധനകാര്യ പത്രിക പ്രകാരം	രജിസ്റ്റർ പ്രകാരം
1	Registration Fee From Tutorial Institutions (140100103)	650 **(കളക്ഷൻ)**	450**(കളക്ഷൻ)**
2	Profession Tax – Employees (110200102)	1655280 **(ഡിമാന്റ്)**	1656980 **(ഡിമാന്റ്)**

(B) വസ്തു നികുതി ഡിസിബി രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ 74265/- രൂപയാണ് തൻവർഷ കുടിശ്ശിക. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ 'Receivables For Property Tax On Residential Buildings (Current)' (B-15) എന്ന ഹെഡിലെ (ഹെഡ് കോഡ്: 431100101) പ്രകാരം തൻവർഷ കുടിശ്ശിക 77978/- രൂപയാണ്.

1-1-6 രജിസ്റ്ററുകൾ പൂർണ്ണമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനായില്ല

(A) ഭൂജല വകുപ്പിന് നൽകിയ അഡ്വാൻസ് തുക അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-18ലെ Advance To Implementing Agencies – Deposit With Kerala Ground Water Department എന്ന ഹെഡിലെ (ഹെഡ് കോഡ് : 460500204) തുകയുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചില്ല.

(B) ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ് റിറ്റൻഷൻ വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ B-7 ഷെഡ്യൂളിലെ 'Contractors' Retention' എന്ന് ഹെഡിലെ (ഹെഡ് കോഡ് - 340100301) തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

1-1-7 തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്ക് പ്രകാരമുള്ള ചെലവുകളിൽ പൊരുത്തക്കേട്

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4 ലെ 320100128 'Mahatma Gandhi National Rural Employment Guarantee Scheme' എന്ന ഹെഡ് പ്രകാരം തൊഴിലുറപ്പ് പദ്ധതി ചെലവ് 1319154/- രൂപയാണ് (ട്രയൽ ബാലൻസ്). എന്നാൽ ഷെഡ്യൂൾ B-3, I-6 എന്നിവ പ്രകാരം തൊഴിലുറപ്പ് പദ്ധതിയിനത്തിലെ ചെലവുകളുടെ തുക (B3 Of 2023-24 – B3 Of 2022-23 + I-6) 38279397/- രൂപയാണ്.

1-1-8 50 വയസ്സിന് മുകളിലുള്ള വിധവകൾക്കുള്ള പെൻഷൻ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

50 വയസ്സിന് മുകളിലുള്ള വിധവകൾക്ക് നൽകുന്ന പെൻഷൻ വാർഷിക കണക്കിലെ ഷെഡ്യൂൾ I-14(D) യിൽ ഉൾപ്പെട്ടിട്ടില്ല

1-2 ബജറ്റ്

2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി	(പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി
1/1-തീയ്യതി- 21.03.2023	15(1) തീയ്യതി-29.1.2024

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	41863178
വരവ്	270709713
ആകെ	312572891
ചെലവ്	263638937
നീക്കിയിരിപ്പ്	48933954

കുറിപ്പ് :-
ആകെ വരവ് = R&P പ്രകാരമുള്ള വരവ് + പെൻഷൻ + എ.സി.ആർ. പ്രകാരമുള്ള ചെലവ് – CFC ഫണ്ടിൽ നിന്നുള്ള ചെലവ് + MGNREGS (I-14 (C))

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ് തുക	ആകെ തുക	ചെലവ് തുക	നീക്കിബാക്കി
വികസന ഫണ്ട് (ജനറൽ)	0	19982868	19982868	18202222	1780646
വികസന ഫണ്ട് (എസ്.സി.പി)	0	8074564	8074564	6128182	1946382

വികസനഫണ്ട് (ടി.എസ്.പി)	0	0	0	0	0
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	5969350	5969350	5954862	14488
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	3063400	3063400	3050252	13148
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്)	0	3672000	3672000	3029618	642382
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)	0	2753500	2753500	3651407	-897907

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	ചെലവഴിച്ച തുക	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
352	**172138492**	229	**103452905**	0	123	65.05

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

വിശദ വിവരം

നിർവ്വഹണോദ്യോഗസ്ഥൻ	പ്രൊജക്ടുകൾ	നിർവ്വണം നടത്തിയത്	നടപ്പിലാക്കാത്തവ	അടങ്കൽ	ചെലവ്
കൃഷി ഓഫീസർ	18	16	2	4121163	2847684
വെറ്റിനറി	6	6	0	4266560	3618161
MO (PHC)	13	12	1	4542668	1875343
MO(ISM)	1	1	0	1000000	1000000
ഹോമിയോ	1	0	1	300000	0
ഫിഷറീസ്	1	0	1	120000	0
വി.ഇ.ഒ -1	6	6	0	84025000	5297000
വി.ഇ.ഒ-2	12	8	4	3031979	970502
ഐ.സി.ഡി.എസ്	14	14	0	13888760	10261551
സെക്രട്ടറി	52	26	26	12346587	8717624
അസി.എൻജിനിയർ	201	121	80	33102214	15194448
എച്ച്.എം	8	5	3	1275000	1018809
അസി.സെക്രട്ടറി	18	11	7	9818561	4678783
ഡി.ഇ.ഒ	1	1	0	300000	300000
ആകെ	**352**	**229**	**123**	**172138492**	**103452905**

മേൽ പ്രകാരം ഹോമിയോ ,ഫിഷറീസ് എന്നീ നിർവ്വഹണോദ്യോഗസ്ഥർ പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടില്ല. വി.ഇ.ഒ ,സെക്രട്ടറി ,അസി.എൻജിനിയർ എന്നിവരുടെ നിർവ്വഹണം 50 ശതമാനത്തിൽ താഴെയാണ്, മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്

1-6-1 തൊഴിലുറപ്പ് പദ്ധതി -അവലോകനം

ക്രമനം.	വിശദാംശം	23-24
1	രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	5003
2	തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം	5003
3	തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം	1362
4	തൻവർഷത്തെ ആകെ അടങ്കൽ	66603260
5	തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം	240
6	തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ	189

ക്രമനം.	വിശദാംശം	23-24
	എണ്ണം	
7	സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം	72
8	തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ)	32532621
9	തൻവർഷത്തെ ചെലവ്	32529888
10	തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം	1074
11	തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	1074
12	100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	600
16	തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം	72
17	സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം)	0

2023-24 വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 72പ്രവർത്തികൾ തൊഴിലുറപ്പുപദ്ധതിപ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്

പ്രവർത്തി	എണ്ണം
റോഡ്	15
കോഴിക്കൂട്	4
ആട്ടിൻകൂട്	3
തൊഴുത്ത്	5
കയർ ഭൂവസ്ത്രം	4
മറ്റുള്ളവ	41
ആകെ	72

പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എല്ലാ ഗുണഭോക്താക്കൾക്കും 100ദിവസം തൊഴിൽ നൽകാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടണ്ടതും മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതുമാണ്

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണ ചെലവുകൾ	52900	1268987	1321887	1277364	2733
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	31123069	31123069	31123069	0

NREGS കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്ക് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവയാണ് പട്ടികയിൽ കൊടുത്തിട്ടുള്ളത്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	2880	2
കർഷകതൊഴിലാളി വേതനം	2449000	211
വിധവാപെൻഷൻ	12964100	1269
വാർദ്ധക്യകാലപെൻഷൻ	28365700	3064
വികലാംഗപെൻഷൻ	5583600	488
വിവാഹ ധനസഹായം	30000	1
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	579200	52

1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2024 ന് 2.15 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1918/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്റർ :സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ, 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)). ആയത് പാലിച്ചിട്ടില്ല.

2.സ്റ്റോക്ക് രജിസ്റ്റർ(ഇലക്ട്രോണിക്ക്സ്): ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. തെരുവ് വിളക്കുകളുടെയും പൊതു ടാപ്പുകളുടെയും പരിപാലനത്തിന് തുക ചെലവഴിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെയും പൊതു ടാപ്പുകളുടെയും വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായും ,കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല

4.ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കേണ്ടതും, റിപ്പോർട്ടുകൾ പ്രൊജക്ട് ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

5 ഉപയോഗ ശൂന്യമായ പഞ്ചായത്ത് വാഹനങ്ങൾ കയ്യൊഴിയുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയ്യതി
പെർഫോമൻസ് ഓഡിറ്റ്	08/12/2022 – 09-12-2022	08/22 മുതൽ 11/22 വരെ	09/12/2022
എ.ജി ഓഡിറ്റ്	23/01/2017 മുതൽ 02/02/2017 വരെ	2012-13 മുതൽ 2015-16 വരെ	27/03/2017

1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ":അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ " എന്ന വിഷയം സംബന്ധിച്ച് **ചെറുകാവ്** ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മസേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് പരിശോധിച്ച് തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (എൻക്വയറി നം.04/23.10.24 ന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് അവലോകനം തയാറാക്കിയിട്ടുള്ളത്)

ഹരിത കർമസേനയുടെ പ്രവർത്തനം സ്ഥാപനത്തിന്റെ നിയന്ത്രണത്തിലല്ല. സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരിൽ ആർക്കും ചുമതല നല്കാതെ പൂർണമായും ഈ സംവിധാനം സ്വകാര്യ ഏജൻസിക്ക് 2 വർഷ കരാറടിസ്ഥാനത്തിൽ കൈമാറിയതിലൂടെ സംസ്ഥാനത്തെ മറ്റു പഞ്ചായത്തുകളിൽ ഹരിത കർമസേന അംഗങ്ങൾക്ക് ലഭ്യമാകുന്ന തരത്തിലുള്ള വേതനവും വേതനത്തിൽ കാലാനുസൃതമായ വർദ്ധനവും മറ്റു ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്ന സാഹചര്യം ആണ് നിലവിലുള്ളത്. ശരാശരി 400 രൂപ ദിവസനവേതന നിരക്കിൽ പരമാവധി 8400 രൂപയാണ് മാലിന്യവും യൂസർ ഫീയും ശേഖരിക്കുന്ന കർമസേനാംഗങ്ങൾക്ക് ലഭ്യമാകുന്നത്. ആയതിനാൽ ഇത്തരം നടപടിക്ക് ആധാരമായ സർക്കാർ അനുമതി രേഖകൾ ഹാജരാക്കേണ്ടതാണ്. ഹരിത കർമ സേനയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ വിവരവും ഇതുമായി ബന്ധപ്പെട്ട ഓഫീസ് ഉത്തരവും ലഭ്യമാക്കാൻ എൻക്വയറി നം.15/25.10.24 നല്കി രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

1)അടിസ്ഥാന വിവരങ്ങൾ

1) പഞ്ചായത്തിലെ ആകെ ജനസംഖ്യ		43465
2)ആകെ വാർഡുകളുടെ എണ്ണം		**19**
വാർഡ് നമ്പർ	ഓരോ വാർഡിലേയും ആൾ താമസമുള്ള വീടുകളുടെ എണ്ണം	ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം
1	507	13
2	473	21
3	502	3
4	463	8
5	513	10
6	618	21
7	572	5
8	600	16
9	543	72

10	484	40
11	509	13
12	539	25
13	479	24
14	455	60
15	254	191
16	463	110
17	525	14
18	477	12
19	454	10
ആകെ	9430	668
3) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം		15
4)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ		ഉണ്ട്

2) മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കി ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണം നടപ്പാക്കി വരുന്നുണ്ട് . യൂസർ ഫീ കാർഡ്, ഹരിത മിത്രം ആപ്പ് എന്നിവ വഴി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനു കീഴിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്താൻ നടപടി കൈ കൊണ്ടതായി കാണുന്നു. വാർഡ് തല ബോധവൽക്കരണ ക്ലാസ് അനൗൺസ്മെന്റ്, തെരുവ് നാടകം തുടങ്ങിയവയും സംഘടിപ്പിച്ചിട്ടുണ്ട്. ഹരിത കർമ സേനാ അംഗങ്ങൾക്കുള്ള ഐ.ഡി കാർഡ് വിതരണം, ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം, ഉപഭോക്താക്കൾക്ക് ക്യു ആർ കോഡ്, എസ്.എം.എസ് സേവനം എന്നിവയും ലഭ്യമാണ് . മാലിന്യ ശേഖരണത്തിനായി വീടുകൾക്ക് സ്ഥാപനത്തിനു സഞ്ചി/ചാക്കുകൾ വിതരണം ചെയ്തതായോ ആയതിനു പദ്ധതി ആവിഷ്ക്കരിച്ചതായോ കാണുന്നില്ല.

3) മാലിന്യ വേർ തിരിവ് പാലിക്കൽ

ശേഖരിക്കുന്ന മാലിന്യങ്ങൾ ഗുണഭോക്താക്കൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുകയാണ് ചെയ്യുന്നത്. എം സി എഫിൽ ആയതിനു മതിയായ സൗകര്യങ്ങൾ ലഭ്യമല്ല.

4) റീസൈക്ലിംഗ്

ജലസ്രോതസ്സുകളിൽ നിന്നും നിലവിൽ മാലിന്യം എടുക്കാവുന്ന സാഹചര്യം ഉണ്ടായിട്ടില്ല. പുനരുപയോഗം സാധ്യമാകുന്നവ ഉപയോഗിക്കാൻ പ്രോത്സാഹനം നല്കുന്നുണ്ട്.

5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഹരിത കർമ്മസേന/ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം 50 ക്യാമ്പയിനുകളും പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും യൂത്ത് മീറ്റ്സ് എന്നിവയും നടപ്പാക്കിയിട്ടുണ്ട്.

6) തൊഴിൽ സൃഷ്ടിക്കൽ

മാലിന്യ സംസ്കരണ മേഖലയിൽ 16 (15+1 ഡ്രൈവർ) പേർക്ക് തൊഴിൽ നല്കാൻ സാധിച്ചിട്ടുണ്ട് . ഹരിതകർമ്മ സേനാംഗങ്ങളുടെ മാസ വരുമാനം ശരാശരി 8400 രൂപയാണ്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല. എന്നാൽ ഹരിതകർമ്മ സേനയുടെ വരുമാന വർദ്ധവിനായി മറ്റു വ്യവസായ സംരംഭങ്ങൾ, സ്വാപ്പ് ഷോപ്പുകൾ, റിപ്പയറിംഗ് ഷോപ്പുകൾ തുടങ്ങിയവ പോലുള്ളവയിൽ യുക്തമായവ ആരംഭിക്കാൻ ഹരിത കർമ്മ സേന/സ്ഥാപനം നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

7) അടിസ്ഥാന സൗകര്യ വികസനം.

നിലവിൽ ഒരു എം.സി.എഫും 10 മിനി എം.സി.എഫുകളുമാണ് നിലവിലുള്ളത്. കൂടാതെ ബയോബിന്നുകൾ,റിംഗ് കമ്പോസ്റ്റുകൾ എന്നിവ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. സ്വന്തമായി 2 വാഹനങ്ങളാണുള്ളത്. എം.സി.എഫിൽ കുടിവെള്ള സൗകര്യം, ശൗചാലയം, വൈദ്യുതി, അഗ്നിശമന ഉപകരണം എന്നിവ നിലവിലുണ്ട്. എന്നാൽ ഡ്രൈവിംഗ് പരിശീലനത്തിന് തയ്യാറുള്ളവരുടെ ലിസ്റ്റ് തയാറാക്കുകയോ ഇതുമായി ബന്ധപ്പെട്ട് മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തതായുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല.

8) പാരിസ്ഥിതിക ആഘാതം

നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉപയോഗം തടയൽ/പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ എന്നിവയുമായി ബന്ധപ്പെട്ടും മാലിന്യം അനധികൃതമായി കയ്യൊഴിയുന്നതുമായ സംഭവങ്ങൾ സംബന്ധിച്ചും 28 പരാതികൾ ലഭ്യമായതിൽ നടപടികൾ സ്വീകരിച്ചു നോട്ടീസ് നൽകുകയും പിഴയിനത്തിൽ 27000 തുക ഈടാക്കുകയും ചെയ്തു. ആയതിന്റെ വിവരങ്ങൾ കാഷ് ബുക്കിൽ ലഭ്യമല്ല.

9) പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി ഹരിത കർമ്മ സേന/ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം ഗ്രീൻവേംസ് എന്ന സ്വകാര്യ സ്ഥാപനം (മാലിന്യ സംസ്കരണം) വഴി പരിശീലനം നടത്തി. കൂടാതെ ഹരിതമിത്രം പദ്ധതി വഴിയും പരിശീലനം നടത്തി. എന്നാൽ ഐ.ആർ.ടി.സി/കൺസൾട്ടൻസി ഏജൻസി പരിശീലനം, ജില്ലാ തല ക്യാമ്പയിൻ, സെക്രട്ടറിയേറ്റ് പരിശീലനം തുടങ്ങിയ മറ്റു പരിശീലനങ്ങൾ നടപ്പാക്കിയോ എന്നതു സംബന്ധിച്ച് വിവരം ലഭ്യമായിട്ടില്ല.

10) നിയമങ്ങൾ പാലിക്കൽ

പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കുകയും ആയതുമായി ബന്ധപ്പെട്ട് ബൈ ലോ തയാറാക്കുകയും ചെയ്തിട്ടുണ്ട്.

11) ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

ഹരിത കർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചർച്ചകളും പ്രതിമാസം വിലയിരുത്തലും നടത്തി വരുന്നുണ്ടെങ്കിലും ജനങ്ങളുടെ നിസ്സഹകരണവും, പ്ലാസ്റ്റിക് ക്യാരി ബാഗ് നിരോധിക്കാത്തതും ആണ് കർമ്മ സേന നേരിടുന്ന പ്രധാന വെല്ലുവിളികൾ. കൂടാതെ ബെയ്‌ലിംഗ്/ഷ്രെഡിംഗ് യുണിറ്റുകൾ, മതിയായ സെഗ്രിഗേഷൻ സൗകര്യം എന്നിവയും നിലവിലില്ല. ആയതിനാൽ മാലിന്യങ്ങൾ സൂക്ഷിക്കാൻ അധിക സ്ഥലം ഉപയോഗിക്കേണ്ടതായി വരുന്നു.

മെറ്റീരിയൽ കളക്ഷൻ (MCF) ഫെസിലിറ്റി വിവരങ്ങൾ

1)അടിസ്ഥാന വിവരങ്ങൾ

1)MCF/RRF (സ്ഥിരം /താത്കാലികം) എണ്ണം	സ്ഥിരം M C F – 1
2)ബെയ് ലിങ് /ഷ്രഡിങ് യുണിറ്റുകൾ ഉണ്ടോ ? 1.അവയുടെ എണ്ണം എ. ബെയ് ലിങ് ബി.ഷ്രഡിങ് യുണിറ്റുകൾ	ഇല്ല ഇല്ല
3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം	1(5-ാം വാർഡ്)
4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ/പ്രവർത്തനക്ഷമത സംബന്ധിച്ച വിവരം ?	ഉണ്ട്
5)അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ? (ടിപ്പിങ് ഏരിയ,സ്റ്റോറേജ് ഏരിയ,സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ,ശുചിമുറി/കുടിവെള്ള സൗകര്യം,വൈദ്യുതി,ഫർണിച്ചർ തുടങ്ങിയവയിൽ ലഭ്യമായവ)	ഉണ്ട്
6)അവ സ്ഥിതിചെയ്യുന്ന സ്ഥല വിവരങ്ങൾ	5-ാം വാർഡ് കല്ലറക്കുന്ന്
7) റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ?	അതെ
8)അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ/പൊതു ജനപരാതി നിലനിൽക്കുന്നണ്ടോ?	ഇല്ല

2) മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്ന് /സ്ഥാപനങ്ങളിൽ നിന്ന് പാഴ് വസ്തുകൾ 2 ദിവസത്തിലൊരിക്കൽ MCF/RRF-ലേക്ക് കൈമാറി വരുകയും എല്ലാ വാർഡിലും സേവനം എത്തിക്കുകയും ചെയ്യുന്നുണ്ട്.

3) മാലിന്യ സംഭരണ ശേഷി സംബന്ധിച്ച വിവരങ്ങൾ

1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്	ജൈവം :0 അജൈവം: 8 ടൺ(ശരാശരി)
2)ആകെ വിസ്തൃതി ഉണ്ടായിരിക്കേണ്ടത്. A.ടിപ്പിങ് ഏരിയ (15%) B.സ്റ്റോറേജ് ഏരിയ (25%) C.സോർട്ടിങ് ഏരിയ (20%) D.മെഷിനറി ഏരിയ(10%) E.അന്തിമ സംഭരണ ഏരിയ (30%)	1000 Sqft A – 150 Sqft B – 250 Sqft C – 200 Sqft D – 100 Sqft E– 300 Sqft
അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു.	ആഴ്ചയിൽ 2 ദിവസം കൂടുമ്പോൾ ഗ്രീൻവേംസ് ഏജൻസി മാലിന്യം കയറ്റി പോകുന്നു.

4) <u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

മാലിന്യം വേർത്തിരിക്കുന്ന പ്രക്രിയയോ ആയതിനാവശ്യമായ മതിയായ സംവിധാനങ്ങളോ ഇല്ല. നിലവിൽ മുഴുവൻ മാലിന്യവും ഗ്രീൻവേംസ് ഏജൻസി കൊണ്ടു പോകുകയാണ് ചെയ്യുന്നുത്. തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കലിന്റെ ഭാഗമായി ഗ്ലൗസ് വിതരണം ചെയ്യുകയും ഫയർ എക്സ്റ്റിംഗ്യൂഷർ സ്ഥാപിക്കുകയും ഉപയോഗിക്കേണ്ട വിധം സംബന്ധിച്ചു പരിശീലനം നല്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോട്ട്,ഗ്ലൗസ്,മാസ്ക്ക്,തൊപ്പി,ഐഡി കാർഡ് എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. പുതുതായി ചേരുന്ന അംഗങ്ങൾക്കും സുരക്ഷാ ഉപകരണങ്ങൾ,ഐഡി കാർഡ് എന്നിവ ലഭ്യമാക്കേണ്ടതാണ്.

5) <u>ശുചിത്വ മാനദണ്ഡങ്ങൾ</u>

MCF/RRF പരിസരത്ത് ശുചിത്വ മാനദണ്ഡങ്ങളും ശുചിത്വവും പാലിക്കാൻ മാസം തോറും എം സി എഫ് പരിസരം കൊതുക് നാശിനി അടിച്ചു വൃത്തിയാക്കാറുണ്ട്.

6) <u>യഥാസമയം മാലിന്യം ക്ലീൻ കേരളക്ക് കൈമാറുന്നത് സംബന്ധിച്ച്</u>

ഗ്രീൻവേംസ് ഏജൻസിയുമായി മാലിന്യം ശേഖരണത്തിനു കിലോ ഗ്രാമിനു 6.20 രൂപക്ക് കരാർ ചമക്കുകയും ആഴ്ചയിൽ ഒരിക്കൽ വീതം മാലിന്യം കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ട് വിവരങ്ങൾ:

ബ്രാഞ്ച്,സ്ഥലം	ചെറുകാവ് സഹകരണ ബാങ്ക് ഐക്കരപ്പടി
അക്കൗണ്ട് നം.	SCB0010390001668
നിലവിലെ **(31.03.24)** പ്രകാരമുള്ള ക്ലോസിംഗ് ബാലൻസ്:	16,796

വരവു ചെലവു പത്രിക
(01.04.2023-31.03.2024)

ആകെ വരവ്		**ആകെ ചെലവ്**	
മുൻ ബാക്കി	357	ഹരിത കർമ്മസേന ശമ്പളം	2098137
ഗ്യാപ്പ് ഫണ്ട്		പർച്ചേയ്സ്	0
യൂസർഫീ	2114576		
സ്ക്രാപ്പ് വിൽപ്പന		മറ്റ് ചെലവ്(ഇനം തിരിച്ച്)	
ക്ലീൻ കേരള/മറ്റു ഏജൻസി	0		
പ്ലാസ്റ്റിക് കവർ	0		
ചില്ല്	0		
മറ്റ് വരവ്(ഇനം തിരിച്ച്)	0		0
		നീക്കി ബാക്കി	16796
ആകെ	**2114933**		**2114933**

കുറിപ്പ്:മുഴുവൻ സമയ പ്രൊജക്ട് ആയാണ് പ്രവർത്തനം. ക്യാഷ് ബുക്കിൽ വരവു ചെലവുകളുടെ മാസാന്ത്യ/വർഷാന്ത സംക്ഷിപ്തം തയാറാക്കിയിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുകയോ ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

<u>മറ്റു വിവരങ്ങൾ</u>

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്ഥാപനം നടപ്പാക്കിയ പദ്ധതികൾ.

ക്രമ നം.	പ്രോജക്ട് പേര്/നം.	നിർവഹണ ഉദ്യോഗസ്ഥൻ	ഫണ്ടിനം	അടങ്കൽ	ചെലവ്	ബാലൻസ്
1	18/24 – ഹരിത കർമ്മ സേനക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ	വി ഇ ഒ	C F C – Tied	200000/-	49750/-	150250/-
2	357 ഹരിതമിത്രം ആപ്പ്	സെക്രട്ടറി	CFC Tied	350000/-	204900/-	145100
3	365 ഹരിത കർമ്മ സേനക്ക് വാഹനം വാങ്ങൽ	സെക്രട്ടറി	CFC തനത് ഫണ്ട്	650000/- 250000	549038 182969	100962 67031

4	120 M C F നിർമ്മാണം	AE	CFC കേന്ദ്രാവിഷ്കൃതം	450000/- 1050000	450000/- 0	0 1050000
5	202 ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ (സ്പിൽ ഓവർ)	വി.ഇ.ഒ.	CFC	25099	25099	0
6	200 ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ (സ്പിൽ ഓവർ)	വി.ഇ.ഒ.	തനത് ഫണ്ട്	150000	131201	18799
7	353 ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ (New)	വി.ഇ.ഒ.	തനത് ഫണ്ട്	120000	22532	97468

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

ഗ്രാമ പഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്.

1. ഹരിത കർമസേനയുടെ പ്രവർത്തനം സ്ഥാപനത്തിന്റെ നിയന്ത്രണത്തിലല്ല. സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരിൽ ആർക്കും ചുമതല നല്കാതെ പൂർണമായും ഈ സംവിധാനം സ്വകാര്യ ഏജൻസിക്ക് 2 വർഷ കരാറടിസ്ഥാനത്തിൽ കൈമാറിയതിലൂടെ സംസ്ഥാനത്തെ മറ്റു പഞ്ചായത്തുകളിൽ ഹരിത കർമസേന അംഗങ്ങൾക്ക് ലഭ്യമാകുന്ന തരത്തിലുള്ള വേതനവും വേതനത്തിൽ കാലാനുസൃതമായ വർദ്ധനവും മറ്റു ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്ന സാഹചര്യം ആണ് നിലവിലുള്ളത്. ശരാശരി 400 രൂപ ദിവസനവേതന നിരക്കിൽ പരമാവധി 8400 രൂപയാണ് മാലിന്യവും യൂസർ ഫീയും ശേഖരിക്കുന്ന കർമസേനാംഗങ്ങൾക്ക് ലഭ്യമാകുന്നത്. കൂടാതെ അവരുടെ വരുമാന വർദ്ധനവിനായി സർക്കാർ നിർദേശപ്രകാരമുള്ള മറ്റു പ്രവർത്തനങ്ങളും സംരഭങ്ങളും ആരംഭിക്കാനും നിലവിലെ സംവിധാനത്തിൽ പരിമിതികൾ ഉണ്ട്. ആയതിനാൽ നിലവിലെ വ്യവസ്ഥക്ക് സർക്കാർ അനുമതി തേടേണ്ടതും ലഭ്യമാകാത്ത പക്ഷം നടത്തിപ്പിൽ ഉചിതമായ ഭേദഗതികൾ വരുത്തേണ്ടതുമാണ്.
2. യൂസർ ഫീ കളക്ഷൻ ഊർജിതമാക്കാൻ സർക്കാർ നിർദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ഉപകാരപ്രദമാകും വിധത്തിൽ ഹരിത മിത്രം ആപ്പ്/ക്യു ആർ കോഡ് സംവിധാനവും, അനുബന്ധ എസ്.എം.എസ് സേവനവും കാര്യക്ഷമമാക്കേണ്ടതുമാണ്.
3. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത,ജനങ്ങളുടെ നിസഹകരണം, അംഗങ്ങളുടെ കുറവ് എന്നിവ മാലിന്യശേഖരണത്തിനും സംസ്കരണത്തിനും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. നിലവിലുള്ള കെട്ടിടത്തിൽ മതിയായ സെഗ്രിഗേഷൻ സംവിധാനമില്ല. മാത്രവുമല്ല ഷ്രെഡ്ഡിംഗ് മെഷീൻ, ബെയ്‌ലിംഗ് മെഷീൻ എന്നിവ ഇല്ലാത്തതിനാൽ കളക്ട് ചെയ്ത് കൊണ്ട് വരുന്ന മാലിന്യം സൂക്ഷിക്കുന്നതിന് അധികസ്ഥലം ഉപയോഗിക്കേണ്ടതായി വരുന്നു. മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.
4. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതു ജനങ്ങൾക്കിടയിൽ മാലിന്യ സംസ്കരണം മത്സരബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായ ബോധവല്കരണം നടത്തുകയും ചെയ്യേണ്ടതാണ്. മാലിന്യശേഖരണത്തിനായി ചാക്കുകൾ വിതരണം ചെയ്യുന്നത് പോലുള്ള പദ്ധതികൾ വിജയ സാധ്യതയും പ്രായോഗികതയും ആവശ്യകതയും പരിഗണിച്ചു നടപ്പാക്കാവുന്നതുമാണ്. ഉറവിട മാലിന്യ സംസ്കരണത്തെ കുറിച്ച് ബോധവൽകരണം നടത്തേണ്ടതാണ്.
5. കാഷ് ബുക്ക് ഉൾപ്പെടെയുള്ള സുപ്രധാന രജിസ്റ്ററുകൾ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി പരിപാലിക്കേണ്ടതും വരവു ചെലവുകളുടെ മാസാന്ത്യ/വർഷാന്ത്യ സംഗ്രഹം (സ്ക്രാപ്പ്,ശമ്പളം Etc.) ഇനം തിരിച്ചു രേഖപ്പെടുത്തേണ്ടതും ഇക്കാര്യത്തിലെ പുരോഗതി നിരീക്ഷിക്കുന്നതിനായി ചാർജ് ഓഫീസറെ ഓഫീസ് ഉത്തരവു വഴി ചുമതലപ്പെടുത്തേണ്ടതും മേൽ ചാർജ് ഓഫീസർ യഥാസമങ്ങളിൽ ഇവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

<u>1-12 തൊഴിൽ നികുതി - അപാകങ്ങൾ</u>

1. റേഷൻകടയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.
തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

2. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ നേടി പഞ്ചായത്തുമായി കരാർ പത്രം ചമച്ചിട്ടുള്ള കരാറുകാരിൽ 2023-24 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.(അസി.എൻജിനിയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം)

കോൺട്രാക്ടർ	അർദ്ധ വർഷം
1.ഹസ്സൻ.കെ	I&II
2.ഹബീബീ റഹ്മാൻ.	I&II
3.അബ്ദുൾ വഹാബ്	I&II
4.ആഷിഖ്.പി.പി	I&II
5.മുഹമ്മദ് ഷാഫി	I&II
6.മുഹമ്മദ് റിയാസ്	I&II
7.അബ്ദുൾ ഗഫൂർ	I&II
8.മുഹമ്മദ് മുനീർ	I&II
9.അഷ്റഫ് എറിയാട്ട്	I&II
10.ഡോറൽ കൺസ്ട്ര്ക്ഷൻ	I&II
.11.പ്രവീഷ് .കെ.വി	I&II
12.അഷ്റഫ്.ഇ	I&II
13.മുഹമ്മദ് ബഷീർ.എം.പി	I&II

1, 2 എന്നീ അപാകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/2023-24 തീ. 23.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ നേടി പഞ്ചായത്തുമായി കരാർ പത്രം ചമച്ചിട്ടുള്ള കരാറുകാർ, പഞ്ചായത്ത് പരിധിക്കുള്ളിലെ റേഷൻ ഡിലേഴ്സ് എന്നിവർക്ക് ഡിമാന്റ് നോട്ടീസ് നൽകി, തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ, പല സ്ഥാപനങ്ങളും സർക്കാർ നിഷ്കർഷിച്ച നിരക്കിൽ തൊഴിലാളികൾക്ക് വേതനം നൽകിയതായി കാണുന്നില്ല. ഇത് മൂലം പഞ്ചായത്തിന് ലഭിക്കേണ്ട തൊഴിൽ നികുതിയിൽ കുറവ് വന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	തൊഴിലാളിയുടെ പേര്, ഉദ്യോഗപ്പേര്	റിട്ടേൺ പ്രകാരം നൽകുന്ന അടിസ്ഥാന വേതനം (രൂപ)	നിയമ പ്രകാരം നൽകേണ്ടുന്ന മിനിമം വേതനം (രൂപ)	സർക്കാർ ഉത്തരവ് നം.
1	ബി.എം. ഹോസ്പിറ്റൽ	കുട്ടൻ, സെക്യൂരിറ്റി	6500	16000	സ.ഉ.(അച്ചടി) നം. 33/2018 /തൊഴിൽ തീ. 23.04.2018
2		അനഘ, ലാബ് അസിസ്റ്റന്റ്	11000	17680	
3		നജ്മുന്നീസ, നഴ്സിങ് അസിസ്റ്റന്റ്	9583	17680	
4		സൌമിനി, റിസപ്ഷനിസ്റ്റ്	7035	18110	
5	മർക്കസ് പബ്ലിക് സ്കൂൾ	മുഹമ്മദ് ഷാഫി, അക്കൌണ്ടന്റ്	8000	12590	സ.ഉ.(പി) നം. 22/2021/LBR തീ. 11.2.2021
6		ഹംസ് പി., ഡ്രൈവർ	8000	12590	
7		ഷറീല, പ്യൂൺ	8000	11690	
8	നോവൽ ഇന്റർനാഷണൽ സ്കൂൾ, പുളിക്കൽ	അനിത, ആയ	8000	11130	

ഇത് മൂലം പഞ്ചായത്തിന് ലഭിക്കേണ്ട തൊഴിൽ നികുതിയിൽ വരുന്ന കുറവ് നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന കാര്യം അന്വേഷിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/2023-24 തീ. 26.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ വേതനം വസ്തുനിഷ്ഠമായാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. തൊഴിൽ നികുതിയിൽ ഇളവ് ലഭിക്കുന്നതിനായാണ് വേതനം കുറച്ച് കാണിക്കുന്നതെങ്കിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം ലേബർ വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-13 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ടേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ

ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

2023-24 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അവ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

ക്രമ നം.	ലൈസൻസ് രജിസ്റ്ററിലെ ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ലൈസൻസിയുടെ പേര്
1	132	ഡോ. ഹാഷിംസ് തെക്കേക്കര ഡെന്റൽ ക്ലിനിക്	ആയിശ ഷെറിൻ പി.എം.
2	355	വൈറ്റ് ഡെന്റൽ ലാബ്	ശ്രീകാന്ത് കുമാർ എ
3	360	ഫിസിയോ കെയർ പുളിക്കൽ	സുബൈർ ഇ.കെ.
4	595	ഫിസിയോ തെറാപ്പി സൈക്കോളജി സെന്റർ	മുബീൻ കെ.ടി.

മേൽ സ്ഥാപനങ്ങൾ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മേൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും അല്ലായെങ്കിൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/2023-24 തീ. 25.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ടെലികോം ടവറുകളുടെ നമ്പറിംഗ്, നികുതി നിർണ്ണയം - പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്തിന്റെ 03.08.2023 ലെ 3699/2023 നം. വിജ്ഞാപനം പ്രകാരം പഞ്ചായത്ത് പരിധിയിൽപ്പെടുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. ഇതിലെ ഇനം 4(b) പ്രകാരം മൊബൈൽ ടെലിഫോൺ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 600/- രൂപ നിരക്കിൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്. 2023-24 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി അടവ് വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ പെർമിറ്റിന് അപേക്ഷിച്ച വിവിധ ടെലികോം ടവറുകളുടെ എണ്ണവും നിലവിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുദിച്ച് നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന ടെലികോം ടവറുകളുടെയും വിവരങ്ങൾ പരിശോധിച്ചു.

2013-14 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം പ്രസ്തുത കാലയളവിൽ 4 ടെലികോം ടവറുകൾക്ക് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

ക്രമ നം	രജിസ്റ്ററിലെ ക്രമ നം.	ഇൻവാർഡ് നം.	സർവ്വേ നം., വാർഡ് നം.	അപേക്ഷകന്റെ/കമ്പനിയുടെ പേര്	പെർമിറ്റ് / ഇന്റിമേഷൻ വിവരങ്ങൾ
1	544/2015-16	3659/16 തീ. 30.03.2016	സ. നം. 197/5, വാർഡ് 4	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി	പെർമിറ്റ് നം. 544/15-16 തീ. 07.04.2016
2	155/2022-23	7572/22 തീ. 07.11.2022	സ. നം. 170/1-1, വാർഡ് 11	റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, പാലാരിവട്ടം	പെർമിറ്റ് നം. ലഭ്യമല്ല, പെർമിറ്റ് കാലാവധി - 12/2027 വരെ
3	256/2022-23	582/23 തീ. 18.01.202	സ. നം. 119/9, വാർഡ് 10	സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്	പെർമിറ്റ് നം. ലഭ്യമല്ല, പെർമിറ്റ് കാലാവധി - 02/2028 വരെ
4	33/2023-24	3789/23 തീ. 26.04.2023	സ. നം. 138/12-1	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചി	ഇന്റിമേഷൻ തീയതി – 26.04.2024, തുക – 10000

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം മേൽപ്പറഞ്ഞ 4 ടെലികോം ടവറുകളിൽ 1 ടവറിന് മാത്രമേ നമ്പർ അനുവദിച്ചതായി വ്യക്തമാകുന്നുള്ളൂ. അതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	ഉടമയുടെ പേര്	നമ്പർ അനുവദിച്ച/ നികുതി നിർണ്ണയിച്ച വർഷം	പെർമിറ്റ് നം., തീയതി
4/131	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്	2018 ഒന്നാം അർദ്ധ വർഷം	544/15-16 തീ. 07.06.2016

	കൊച്ചി		

അവശേഷിക്കുന്ന 3 ടവറുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2023-24 തീ. 25.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ ടവറുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയവക്ക് കെട്ടിട നമ്പർ നൽകി അവ സ്ഥാപിക്കപ്പെട്ട വർഷം മുതലുള്ള കെട്ടിട നികുതി പിഴ പലിശ അടക്കം ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2019 ലെ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 87 ലെ ഉപചട്ടം 9 പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാണത്തിന് 10000/- രൂപ ഫീ അടച്ച് പഞ്ചായത്തിന് ഇന്റിമേഷൻ നൽകിയതിന് ശേഷം 1 വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കണം എന്നും ഉപചട്ടം 10 പ്രകാരം 1 വർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കിയില്ലെങ്കിൽ ഇന്റിമേഷൻ ഫീയുടെ 50% ഈടാക്കി സെക്രട്ടറിക്ക് പൂർത്തീകരണ കാലാവധി 1 വർഷം കൂടി നീട്ടി നൽകാം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഏത് സാഹചര്യത്തിലും ഇന്റിമേഷൻ നൽകി 2 വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ പ്രകാരം മുകളിലെ പട്ടികയിലെ ക്രമ നം. 2, 3 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന ടെലികോം ടവറുകൾക്ക് നൽകിയ പെർമിറ്റിന്റെ കാലാവധി യഥാക്രമം ഡിസംബർ 2027 വരെ, ഫെബ്രുവരി 2028 വരെ എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-15 വേക്കൻസി റെമിഷൻ നിലനിൽക്കുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(1) പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഒരാവശ്യത്തിനും ഉപയോഗിക്കപ്പെടാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി, വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്തതു കൊടുക്കാവുന്നതാണ്.

2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും അതേ കാലയളവിനുള്ളിൽ തന്നെ വേക്കൻസി റെമിഷനും അനുവദിച്ചിട്ടുള്ളതായി കാണുന്നു.

ക്രമ നം.	ലൈസൻസ് രജിസ്റ്ററിലെ ക്രമ നം.	കെട്ടിട നം.	ലൈസൻസിയുടെ പേര്	ലൈസൻസ് കാലാവധി	വേക്കൻസി റെമിഷൻ കാലാവധി
1	22	12/44	ജയചന്ദ്രൻ പി.കെ.	01.04.2023 മുതൽ 31.03.2024	01.10.2023 മുതൽ 31.03.2024
2	299	10/523	മുഹമ്മദ് കുട്ടി പി.	01.04.2023 മുതൽ 31.03.2024	01.04.2023 മുതൽ 30.09.2023
3	357	10/329 E	മുജീബ് റഹ്മാൻ സി.കെ.	22.05.2023 മുതൽ 31.03.2024	01.10.2023 മുതൽ 31.03.2024

1) 1, 3 എന്നീ ക്രമ നമ്പറുകളിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ലൈസൻസ് നൽകിയതിന് ശേഷമാണ് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുള്ളത്. ടി കെട്ടിടങ്ങളിൽ വേക്കൻസി റെമിഷൻ അനുവദിച്ച കാലയളവിൽ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഉണ്ടെങ്കിൽ അവയിൽ നിന്നും പ്രസ്തുത കാലയളവിലെ വസ്തു നികുതി കുടിശ്ശികയും പിഴപലിശയുമടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ക്രമ നമ്പർ 2 ൽ പരാമർശിച്ചിട്ടുള്ള കെട്ടിടത്തിന് വേക്കൻസി റെമിഷൻ അനുവദിച്ചത് 01.03.2023 നും ലൈസൻസിന് അപേക്ഷ സമർപ്പിച്ചത് 27.03.2023 നും ആണ്. അതായത് വേക്കൻസി റെമിഷൻ അനുവദിച്ചതിന് ശേഷമാണ് ലൈസൻസിന് അപേക്ഷ നൽകിയത്. ഇതിൽ നിന്നും ടി സ്ഥാപനങ്ങൾ വേക്കൻസി റെമിഷൻ കാലയളവിൽ തുറന്ന് പ്രവർത്തിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. ഈ കെട്ടിടങ്ങളുടെ ഉടമസ്ഥനിൽ നിന്നും പ്രസ്തുത കാലയളവിലേക്കുള്ള വസ്തു നികുതി കുടിശ്ശികയും പിഴപലിശയുമടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/2023-24 തീ. 29.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 വസ്തു നികുതി - അപാകങ്ങൾ

വസ്തു നികുതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്ത് ഹാജരാക്കിയ ഡിമാന്റ്-കളക്ഷൻ-ബാലൻസ് പത്രിക പ്രകാരം വസ്തു നികുതിയിൽ താഴെ പറയുന്ന പ്രകാരം കുടിശ്ശിക നിലനിൽക്കുന്നു.

വസ്തു നികുതി	78184

(റെസിഡൻഷ്യൽ)	
വസ്തു നികുതി (നോൺ-റെസിഡൻഷ്യൽ)	234014

കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. 03.08.2023 ന് ചെറുകാവ് ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരിച്ചു കൊണ്ട് അന്തിമ വിജ്ഞാപനം (നം. 3699/2023 തീ. 03.08.2023) പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ ഇനം 6(d) പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ തുടങ്ങിയ ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന, വാണിജ്യ സ്വഭാവമുള്ള കെട്ടിടങ്ങളുടെ മേൽ ചതുരശ്ര മീറ്ററിന് 25/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചത് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 'മഡ് 84 ടർഫ്' എന്ന ടർഫിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത ടർഫിന് നമ്പർ അനുവദിച്ച് 2023-24 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഈടാക്കേണ്ടതാണ്.
അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/2023-24 തീ. 24/29.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-17 പാലിന് സബ്സിഡി - വകയിരുത്തിയ തുക അപര്യാപ്തം

സംസ്ഥാന സർക്കാരിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾക്ക് ബാധകമാക്കിയ സബ്സിഡി മാർഗരേഖ സ.ഉ(കൈ) നം.115/2022 ത.സ്വ.ഭ.വ തി.28.5.2022 ഖണ്ഡിക നം. 6.3(9) മാനദണ്ഡം നം. 3 പ്രകാരം ക്ഷീര കർഷകർ വിവിധ ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന് ലിറ്ററിന് 3 രൂപ വരെ നിരക്കിൽ സബ്സിഡി നൽകാവുന്നതാണ്. ഇത്തരത്തിൽ ഒരു ക്ഷീര കർഷകന് നൽകുന്ന സബ്സിഡി 40000/- രൂപയിൽ അധികരിക്കരുത്.

ചെറുകാവ് ഗ്രാമ പഞ്ചായത്തിലെ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ "ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി" എന്ന പദ്ധതിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

പ്രൊജക്ടിന്റെ പേര്	ക്ഷീര സംഘങ്ങൾ മുഖേന ചെയ്യുന്ന പാലിന് സബ്സിഡി	
പ്രൊജക്ട് നമ്പർ	2/24	
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	
അടങ്കൽ തുക	വികസന ഫണ്ട് ജനറൽ	200000
	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	100000
	ആകെ	**300000**
ചെലവഴിച്ച തുക	300000	
ബി.ആർ.എൻ. നം.	23151052044001361815 തീ. 12.03.24 തുക 44910/-	
	23151052044001361801 തീ. 12.03.24 തുക 55090/-	
	23151052044001489194 തീ. 24.03.24 തുക 98004/-	
	23151052044001489213 തീ. 24.03.24 തുക 97674/-	
	23151052044001489237 തീ. 24.03.24 തുക 2173/-	
	23151052044001489254 തീ. 24.03.24 തുക 2149/-	

ചെറുകാവ് ക്ഷീര സഹകരണ സംഘത്തിൽ പാൽ നൽകുന്ന 40 ക്ഷീര കർഷകരും പെരുങ്ങാവ് ക്ഷീര സഹകരണ സംഘത്തിൽ പാൽ നൽകുന്ന 57 ക്ഷീര കർഷകരും അടക്കം 97 കർഷകർക്കാണ് 2023-24 സാമ്പത്തിക വർഷം പ്രോജക്ടിന് കീഴിൽ പാലിന് സബ്സിഡി നൽകി വന്നിരുന്നത്. വികസന ഫണ്ടിൽ (ജനറൽ) നിന്നുള്ള 200000/- രൂപയും ബ്ലോക്ക് വിഹിതമായ 100000/- രൂപയും ഉൾപ്പെടെ പ്രോജക്ടിനായി തൻവർഷം ആകെ വകയിരുത്തിയ 300000/- രൂപ കൊണ്ട് താഴെ പറയുന്ന മാസങ്ങളിൽ താഴെ പറയുന്ന നിരക്കിൽ മാത്രമേ കർഷകർക്ക് സബ്സിഡി നൽകാൻ സാധിച്ചിട്ടുള്ളൂ.

മാസം	**നൽകിയ സബ്സിഡി നിരക്ക് (രൂപ/ലിറ്റർ)**	**ആകെ നൽകിയ തുക**
ഏപ്രിൽ	3	49725
മേയ്	2.804	50275

ജൂൺ	3	55608
ജൂലൈ	3	49821
ഓഗസ്റ്റ്	3	47127
സെപ്റ്റംബർ	3	43122
ഒക്ടോബർ	0.2835	4322
ആകെ		**300000**

താഴെ പറയും പ്രകാരം വ്യത്യസ്ത മാസങ്ങളിൽ കർഷകർക്ക് പാലിന് സബ്സിഡി നൽകാൻ സാധിച്ചിട്ടില്ല.

മാസം	നൽകാൻ അവശേഷിക്കുന്ന സബ്സിഡി നിരക്ക് (രൂപ/ലിറ്റർ)
മേയ്	0.196
ഒക്ടോബർ	2.7165
നവംബർ	3
ഡിസംബർ	3
ജനുവരി	3
ഫെബ്രുവരി	3
മാർച്ച്	3

ക്ഷീര കർഷകർ തൻ സാമ്പത്തിക വർഷം ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന മുഴുവൻ പാലിനും ലിറ്ററിന് 3 രൂപ എന്ന നിരക്കിൽ (ഒരു കർഷകന് സാമ്പത്തിക വർഷത്തിൽ നൽകുന്ന ആകെ സബ്സിഡി 40000/- രൂപയിൽ അധികരിക്കാതെ) സബ്സിഡി ലഭ്യമാക്കാൻ പഞ്ചായത്ത് വകയിരുത്തിയ തുക (300000/- രൂപ) അപര്യാപ്തമാണെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

ഈ സാഹചര്യത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് വേണ്ടി നടപ്പാക്കിയ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 19/2023-24 തീ. 26.10.2024) നൽകുകയുണ്ടായി.

- അടങ്കൽ
- ചെലവഴിച്ച തുക
- ചെലവ് തുക കൊണ്ട് സാമ്പത്തിക വർഷത്തെ ഏതൊക്കെ മാസങ്ങളിൽ ക്ഷീര കർഷകർക്ക് സബ്സിഡി നൽകാൻ സാധിച്ചു? അതുമായി ബന്ധപ്പെട്ട വിവരങ്ങൾ
- ഏതൊക്കെ മാസങ്ങളിൽ 3 രൂപ നിരക്കിൽ സബ്സിഡി നൽകാൻ സാധിച്ചില്ല.

എൻക്വയറിക്ക് മറുപടിയായി 2022-23 സാമ്പത്തിക വർഷത്തിൽ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ടിന് അനുവദിച്ച 300000/- രൂപയിൽ 296005/- രൂപ ചെലവഴിച്ചെന്നും പ്രസ്തുത തുക കൊണ്ട് 2022 ഏപ്രിൽ മുതൽ ഡിസംബർ വരെ മാത്രമേ ക്ഷീര കർഷകർക്ക് അവർ ക്ഷീര സൊസൈറ്റികളിൽ നൽകുന്ന പാലിന് സബ്സിഡി നൽകാൻ കഴിഞ്ഞുള്ളൂ എന്നും അറിയിച്ചു. ഗ്രാമ പഞ്ചായത്ത് ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പ്രോജക്ടിന് നിർണ്ണയിക്കുന്ന അടങ്കലിന്റെ അപര്യാപ്തത മുൻവർഷങ്ങളിലും പ്രകടമാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

കേരളത്തിലെ ക്ഷീര കർഷകർ പൊതുവേ നിർധനരാണ് എന്ന യാഥാർത്ഥ്യം പരിഗണിച്ചു കൊണ്ട് വരും സാമ്പത്തിക വർഷങ്ങളിൽ മേൽ പ്രോജക്ടിന് ക്ഷീര കർഷകർക്ക് സാമ്പത്തിക വർഷത്തിലെ എല്ലാ മാസങ്ങളിലും സബ്സിഡി ലഭ്യമാക്കാൻ പ്രാപ്തമായ തരത്തിൽ അടങ്കൽ നിർണ്ണയിക്കണം എന്ന ആവശ്യം ഉന്നയിച്ചു കൊണ്ട് ഡയറി ഫാം ഇൻസ്ട്രക്ടർക്ക് പഞ്ചായത്ത് സമിതിക്ക് കത്ത് നൽകാവുന്നതാണ്. ഈ ദിശയിൽ ഏതെങ്കിലും തരത്തിലുള്ള പുരോഗതി ഉണ്ടാകുകയാണെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 പത്രപരസ്യം -15% കുറവ് ചെയ്യാതിരുന്നതിന് കാരണം അറിയിക്കേണ്ടതാണ്.

വൗച്ചർ നം. 22300657/09.11.2023 : 26,561

ഇൻവോയ്സ് നം.321000040762/10-08-2023 : 26,561

വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനത്തിന്റെ പരസ്യം പ്രസിദ്ധീകരിച്ചതിന്റെ തുക മേൽ വൗച്ചർ പ്രകാരം മാതൃഭൂമി ദിനപ്പത്രത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (ആർ.ടി) 288/2014/ഐ.ആന്റ്.പി.ആർ.ഡി തീ.10-09-2014 പ്രകാരം പരസ്യങ്ങൾ ഐ.ആന്റ്.പി.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കറവ് ചെയ്യാതെ മാധ്യമ സ്ഥാപനം സമർപ്പിച്ച മുഴുവൻ ബിൽ തുകയും മേൽ വൗച്ചർ പ്രകാരം അനുവദിച്ചു നൽകുകയാണ് ചെയ്തത്. അർഹമായ ഡിസ്കൌണ്ട് 15% കുറവ് ചെയ്യാതെ സ്ഥാപനത്തിന് തുക നൽകിയതിന് കാരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/29-10-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 ഗ്രാമപഞ്ചായത്തിന്റെ പഴയ ഔദ്യോഗിക വാഹനം - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള KL 10 AC 8119 നമ്പർ Mahindra Bolero Jeep 24800 കി.മീ. ഓടുകയും 13 വർഷം പൂർത്തീകരിക്കുകയും ചെയ്തതിനാൽ ടി വാഹനം പരിരക്ഷാ പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നതിന് 07-10-2022 ലെ 1(2)-ാം നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത വാഹനം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് നൽകിയാൽ ഭീമമായ മെയിന്റനൻസ് ചെലവ്, ഇന്ധനച്ചെലവ്, ഡ്രൈവറുടെ ശമ്പളം എന്നിവ ഗ്രാമപഞ്ചായത്ത് തന്നെ വഹിക്കേണ്ടി വരുന്നതിനാൽ, റിപ്പയർ നടത്തി ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കാനാവില്ലെങ്കിൽ പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗത്തിനെക്കൊണ്ട് പരിശോധിച്ച് വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് 28-02-2023ലെ LSGD/PD/9596/2023-GEB2 -ാം നമ്പർ കത്ത് മുഖേന പ്രിൻസിപ്പൽ ഡയറക്ടർ, തസ്വഭവ നിർദ്ദേശിച്ചത്. മേൽ നിർദ്ദേശത്തിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30/30-10-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-20 അസി.എൻജിനിയർ ക്യാഷ് ബുക്ക് -അപാകതകൾ

കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ TR-7A കാഷ്ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല കാഷ്ബുക്ക് പ്രതിദിന, പ്രതിമാസ ക്ലോസിംഗ് നടത്തേണ്ടതാണ്അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർക്കേണ്ടതാണ്.

അപാകതകൾ

